# VOYAGE

## e-magazine

2K23-24




# GHSS PADINHARATHARA

## 2023-24



ടി ബാബു
ബഹു. ഹെഡ് മാസ്റ്റർ, ജി എച്ച് എസ്സ് എസ്സ് പടിഞ്ഞാറത്തറ

വിദ്യാർത്ഥികളെ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളിലേക്ക് പറന്നുയരാൻ പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റ് പദ്ധതി ഈ വിദ്യാലയത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളിൽ നടക്കുന്ന വിവിധ പരിപാടികളോടൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് **എല്ലാവിധ ആശംസകളും നേരുന്നു.....**


ടി ബാബു
ബഹു. ഹെഡ് മാസ്റ്റർ



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു....

ശ്രീ നാസർ

പി ടി എ പ്രസിഡണ്ട്



പടിഞ്ഞാറത്തറ ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.....

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വളർത്തുന്നതിനും ഡിജിറ്റൽ യുഗത്തിൽ മാറുന്ന പ്രവർത്തനങ്ങൾക്ക് അനുസൃതമായി അവരെ മാറ്റുന്നതിനും ഏറെ ഉപകരിക്കും.....

എല്ലാവിധ ആശംസകളും

**അനിൽ.E**

SRG കൺവീനിയർ
ജി എച്ച് എസ്സ് എസ്സ് പടിഞ്ഞാറത്തറ

# ആമുഖം



മിന്നു മുയലിന്റെയും പൊന്നൻ ഈച്ചയുടെയും വീട്ടിൽ നിന്നിറങ്ങി ഖസാക്കിലേക്കും കടൽത്തീരത്തേക്കും രാത്രിമഴകളിലേക്കും നടന്നു നീങ്ങാനും, നജീബിനോടും ചേതനയോടും കേശവൻ നായരോടും സാറാമ്മയോടും ഒപ്പം സമയം ചിലവഴിക്കാനും എന്റെ അനിയന്മാരിലും അനിയത്തിമാരിലും ചിലർക്കെങ്കിലും കഴിയുന്നുണ്ട് എന്നതിലുള്ള സന്തോഷം ഞാൻ അറിയിക്കുകയാണ് . സ്വയം ഉള്ളിലേക്കും മറ്റുള്ളവരിലേക്കും കടന്നുചെല്ലാനുള്ള പാലമായി നിങ്ങൾ കലയെയും സാഹിത്യത്തെയും ഉപയോഗിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ചിന്തകൾ കൂട്ടിവെച്ചും പരത്തിവെച്ചും ചികഞ്ഞുനോക്കിയും കാറ്റിൽ പറത്തിയും ചൂളയിൽ കത്തിച്ചുമുള്ള ഈ കളിയിൽ എന്നോടൊപ്പം പങ്കാളികളാകുന്ന മിടുക്കരോട് : ഒരിക്കലും പാഴാകാത്ത വിധം പേനയിലെ മഷിയും പെയിന്റിംഗ് ബ്രഷിലെ വർണ്ണങ്ങളും അർത്ഥപൂർണ്ണമായി എന്നെന്നും ഉപയോഗപ്പെടുത്താൻ നിങ്ങൾക്ക് കഴിയട്ടെ

ഗൗതമി
പൂർവ്വ വിദ്യാർത്ഥി

വിജ്ഞാനം വിവേകം വിശ്വമാനവികത

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പടിഞ്ഞാറത്തറ

## താളുകൾ....


**വേനൽ** പേജ്...1

തെസ്നീമ പി

**ദു:ഖവും മരണവും** പേജ്...2

ഐശ്വര്യ പി നായർ

**മനഷ്യൻ** പേജ്...3

ഗൗരിനന്ദ എ കെ

**മനസ്സ്** പേജ്..4

ഉത്തര കെ എസ്സ്

**മഞ്ഞുതുള്ളി** പേജ്...5

ഐശ്വര്യ പി നായർ

**ഒരു കുഞ്ഞി പൂവ്** പേജ്..6

അഖില വർക്കി

**ഒഴുകിത്തീർത്ത വരികൾ** പേജ്...7

ഗൗതമി

**ബ്രഹ്മപുത്ര** പേജ്..8

ഉജ്ജ്വൽ കൃഷ്ണ

**ഇനി അവളും അണയും** പേജ്.

സ്വാതി സാബു



# വേനൽ

മരമേ.......
നിന്റെ മേനിയിലൂടെ ഊർന്നിറങ്ങി
മണ്ണിന്റെ കനത്ത പാളികളിൽ
അലിഞ്ഞു ചേർന്ന്
പുതുമഴക്കായി കാതോർത്ത്
പരസ്പരം പുണർന്നിരിക്കുന്ന
വേരുകളോടെനിക്കൊരു
രഹസ്യം പറയണം
ഇത്തവണ നിന്റെ ചില്ലകളിൽ
പച്ചിലകൾക്ക് കിളിർപ്പില്ലെന്നും
മധുരക്കനികൾക്ക്പകരം
അഗ്നിഗോളം പൂക്കുമെന്നും....

തെസ്നീമ പി
(അധ്യാപിക-G H S S പടിഞ്ഞാറത്തറ)



## ദു:ഖവും മരണവും

ദു:ഖവും മരണവും എന്നും
കറുപ്പിനൊപ്പമായിരിക്കും
ആരും കാണാതെ ആരോടും മിണ്ടാതെ
കണ്ണീർ കണങ്ങൾ കറുപ്പിന്റെ കുപ്പായത്തിൽ പതിയുമ്പോൾ
കറുപ്പെന്ന പേരിലെ ചുവന്ന കണ്ണീർ എത്ര നാളിങ്ങനെ
മറഞ്ഞിരിക്കും..........

**ഐശ്വര്യ പി നായർ (8A)...**



# മനുഷ്യൻ

മണ്ണും മനവും  മാനവും ജീവനും
പുല്ലു വില പോലുമിന്നാർക്കുമില്ല
മലയാള ഭൂമിയായ അമ്മയ്ക്കു വേണ്ടി
ജീവൻ ത്യജിക്കാനിന്നാരുമില്ല......
ഹൃദയമാം ഭൂമിയുടെ ചോര രസിക്കാൻ
രാക്ഷസ കൂട്ടങ്ങൾ എന്ന പോലെ
ഭൂമിയെ കൊന്നൊടുക്കീടുവാൻ എന്തിനു
രാക്ഷസനായി ഇന്ന് നാം ജനിപ്പൂ......
ഭൂമിയ്ക്കു ഭാരമായ് എന്തിനു നാം ഇന്നു
ഭൂമിയെ കുത്തി രസിച്ചിടുന്നു..........

ഗൗരിനന്ദ എ കെ  (8A)...



# മനസ്സ്

മനസ്സിന്റെ വികാരങ്ങൾ ഒരുപാട്
ഉണ്ടെങ്കിലും മനുഷ്യ മനസ്സിൽ
ഉണ്ടാകുന്ന വികാരങ്ങൾ ദേഷ്യവും അഹങ്കാരവും....
കാണുവാനാവതില്ലെങ്ങുമേ ............
സ്നേഹമുള്ളൊരു മനസ്സത്.....
കാരുണ്ണ്യവും സ്നേഹവും മാറ്റുന്നിതാ മനസ്സിനെ
ശാന്തമായ് ഒഴുകീടുവാൻ.........

ഉത്തര കെ എസ് (8A)



# മഞ്ഞു തുള്ളി

സൂര്യൻ നിന്നെ സ്പർശിക്കുന്ന നേരം
പോവുകയാണോ നീ അങ്ങു ദൂരെ.
നിന്നെ കണ്ട് കൊതി തീരും മുമ്പേ
മറഞ്ഞു നീ അങ്ങകലെ
ഏഴു വർണ്ണങ്ങൾ നിന്നിലലിയും നേരം
എന്തിനിത്ര വേഗം....
എന്തിനിത്ര തിടുക്കം..........

എശ്വര്യ പി നായർ (8A)

# ഒരു കുഞ്ഞി പൂവ്



മൊട്ടായ ഞാൻ പൂവായി
ജനിക്കുമ്പൾ എന്നിലെ
തേൻ നുകരാൻ വരുന്നു,
പൂമ്പാറ്റകളും വണ്ടുകളും.
എന്നുടെ പൂമ്പൊടി ഇന്ന്
അവരിൽ നിന്ന് കൈമാറുന്നു
എന്നിൽ വിരിയും ഇതളുകൾ
കാറ്റിൽ ആടുന്നു, അതിൽ നിന്നും
ഒന്നോ രണ്ടോ നിലത്തു വീഴുന്നു
വെയിലേറ്റ്
വാടുമെൻ ശരീരം മരണത്തിലേക്കു
നീങ്ങുന്നു...........

**അഖില വർക്കി(8A)...**



## ഒഴുകിത്തീർത്ത വഴികൾ

ഒന്നുമറിയാതെ തുള്ളിക്കുതിച്ച്
ചാടിയൊഴുകിയിരുന്നു
പിന്നീടെവിടെനിന്നോ
കോർത്തു പിടിച്ച കൈകളോടൊപ്പം
കുറേദൂരം ...
കൂട്ടം തെറ്റിയ
കാടും പടലുമെല്ലാം നെഞ്ചോടടക്കി
പായുമ്പോഴും
അടിത്തട്ടിൽ സൂക്ഷിച്ചിരുന്നു ,
ആരും കാണാതെ കുറേ
ഭംഗിയാർന്ന ഉരുളൻ കല്ലുകൾ.

ആകാശം സ്വപ്നം കണ്ട്
ആർത്തലച്ച് തുള്ളുമ്പോൾ
അടിത്തട്ടിന്റെ ഇളംചൂട് തിളച്ച്
അഗ്നിയായി
കാലത്തിന്റെ ധമനികളെ
വിറപ്പിച്ചിരുന്നു,
ചില പ്രത്യേക നിമിഷങ്ങളിൽ.

തടഞ്ഞുനിർത്തി നെഞ്ചോടു ചേർക്കാൻ
ഒരു വേരു പോലും കൈനീട്ടാനില്ലാതെ പോയ
നിമിഷത്തിൽ
നഷ്ടപ്പെട്ടതെന്തോക്കെയോ
വീണ്ടെടുക്കാനുള്ള നെട്ടോട്ടം,
അത്രയേ ഉള്ളൂ.
അതിനെയാണീ ' വെള്ളപ്പൊക്കം '
എന്നൊക്കെ പറഞ്ഞ് ...

അതിർത്തികൾ പരസ്പരം അടുത്ത്
മനസ്സിന്റെ വെളുപ്പ് തെളിഞ്ഞ്
താനായി തന്നെ
മാനം നോക്കി മണ്ണിലലിയുമ്പോൾ,
പ്രതീക്ഷയുടെ
കനമുള്ള കമ്പിപ്പാര കുത്തിത്തുറന്ന ഉറവയിലൂടെ
തുള്ളിക്കുതിക്കുകയാണ്,
താനൊഴുകിയ പാതയിലൂടെ വീണ്ടും ഒഴുകുന്ന പുഴ..
വീണ്ടുമൊരു വെള്ളപ്പൊക്കത്തിന്റെ
സൃഷ്ടിക്കായി...

ഗൗതമി എസ്

# ബ്രഹ്മപുത്ര



ഹിമവാന്റെ മടിത്തട്ടിൽ നിന്നുത്ഭവിക്കുന്നു ഞാൻ
എന്നുടെ പേരല്ലോ ബ്രഹ്മപുത്ര.....
ഉയർന്നു നിൽക്കും മലനിരകൾ
പരന്നു കിടക്കും സമതലങ്ങൾ
എന്നുടെ പാതയിൽ ഉണ്ടല്ലോ
നീണ്ടു നിവർന്നു ഞാൻ ഒഴുകുമ്പോൾ
കാണുന്നു നഗരങ്ങൾ, പട്ടണങ്ങൾ
എന്നിൽ ജീവിക്കുന്നു സസ്യജാലങ്ങളും
പുല്ലും,പുഴുവും,പുൽക്കൊടിയും
കാലം മാറി,കഥ മാറി.... അങ്ങിനെയിങ്ങനെ-
യൊഴുകുമ്പോൾ  എന്നുടെ ദൃഷ്ടിയിൽ
കാണുന്നു മാലിന്യക്കൂമ്പാരങ്ങളും പ്ളാസ്റ്റിക്കും.
ഉയർന്നു നിൽക്കും മലയെല്ലാം
ഇടിച്ചു നിരത്തുന്നു മർത്ത്യൻ
പരന്നു കിടക്കും സമതലങ്ങൾ
മാലിന്യത്താൽ നിറയുന്നു
എവിടെ തിരിഞ്ഞാലും മരങ്ങളില്ല
ഉത്തംഗ ഗോപുര ശൃംഖങ്ങൾ മാത്രം
എന്നിൽ ജീവിച്ച  സസ്യജാലങ്ങളെല്ലാം
നശിച്ചങ്ങു പോയിതല്ലോ
മരതക കാറ്റടിക്കുന്ന താഴ്‌വരകളിൽ
ചുടു കാറ്റു ഗന്ധത്തിൻ അലയൊഴികൾ.....

ഉജ്ജ്വൽ കൃഷ്ണ



# ഇനി അവളും അണയും

നേരം സന്ധ്യയോട് അടുക്കുന്നു.പുറത്ത് ആർത്തലച്ച് പെയ്യുന്ന മഴ.ജനാലപാളികളിലൂടെ ഊർന്നിറങ്ങുന്ന ജലകണികകൾ കാഴച്ചയുടെ തെളിമ ഇല്ലാതാക്കി വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായി ആരെയോ കാത്ത് തീൻമേശയിൽ ഇരിക്കുകയാണ് അവൾ.ഇടക്ക് മിന്നൽ പുറമെയുള്ള ഇരുട്ടിൽ ഒളിഞ്ഞിരിക്കുന്ന പൂന്തോട്ടത്തെ ദ്രുഷ്ടവ്യമാക്കുന്നു.

ജനലരികിൽ ഇരിക്കുന്ന കട്ടിലിൽ നിശ്ബ്ദമായി ഒരു പെൺകുട്ടി ഉറങ്ങുന്നു.കണ്ണീർ കവിഞ്ഞ് ഒഴുകി കുഴിഞ്ഞുപോയ കണ്ണുകളും വിറങ്ങലിച്ച കൈകാലുകളും. എന്നാൽ,അവയെക്കാൾ അവളുടെ ത്രൂപം ഹൃദയസ്പർശി- യാക്കുന്നത് മെലിഞ്ഞുണങ്ങിയ അവളുടെ ശരീരവും മുടികൾ അവശേഷിച്ചിട്ടില്ലാത്ത ശിരസ്സുമാണ്.

തീൻമേശമേൽ വെച്ചിരുന്ന മെഴുകുതിരിയുടെ മങ്ങിയവെട്ടം ആ കുട്ടിയുടെ അമ്മയെ ചിന്തകളിൽ മുഴുക്കുന്നു.പതിനെട്ടാം വയസ്സിൽ വിവാഹം കഴിച്ച് രണ്ട് വർഷം കൊണ്ട് ഒരു ഉത്തമ വീട്ടമ്മയായി മാറിയ വാണി കുടുംബജീവിതത്തിൽ സന്തോഷവതിയാണ്. തന്റെ ഭർത്താവ് രമേശ് ഒരു ഇൻകം ടാക്സ് ഉദ്യോഗസ്ഥനാണ്. ഭർത്താവുമൊപ്പം സുഖസന്തോഷമായ ജീവിതം നയിച്ച അവൾക്ക് ലഭിച്ച സമ്മാനമാണ് ഏകമകൾ വിശ്വ.ആറ്-ഏഴ് വയസ്സുവരെ ആരോഗ്യവതിയായ,കലാ-കായിക മേഘലകളിൽ ഒന്നാമതായ ഒരു സുന്ദരിയായിരുന്നു അവൾ.

പെട്ടെന്നാണ് അവരുടെ ജീവിതത്തിൽ ഒരു കൊടുങ്കാറ്റായി അത് സംഭവിച്ചത്.നാലാംക്ലാസിൽ പഠിക്കുമ്പോൾ വിശ്വയിൽ കാൻസറിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി.സ്കൂളിൽ വച്ച് അവശയായ വിശ്വയെ വീട്ടിൽ എത്തിച്ച ശേഷം പിന്നീട് അവൾ പുറംലോകം  കണ്ടിട്ടില്ല.

രമേശിന് എല്ലാമെല്ലാമായിരുന്നു വിശ്വ. തന്റെ ഏകമകളെ രക്ഷിക്കാൻ ഏത് അറ്റംവരെ പോകാനും അയാൾ തയ്യാറായിരുന്നു. എന്നാൽ തന്റെ ശമ്പളം അതിന് ഉതകുന്നതല്ലായിരുന്നു.ലോൺ എടുത്ത് മകളുടെ ആദ്യ ഓപ്പറേഷൻ നടത്തിയശേഷം,അയാൾ പണത്തിനായുള്ള ഓട്ടം തുടർന്നുകൊണ്ടിരുന്നു.

ഇടിമുഴക്കത്തിന്റെ ശബ്ദം വാണിയെ ഉണർത്തി. അവൾ ഭൂതകാലം മറന്ന് നിലവിലെ അവസ്ഥയെപ്പറ്റി ചിന്തിച്ചു. നാളെ മകളുടെ അടുത്ത ഓപ്പറേഷനാണ്.മഴയുടെ ശബ്ദം കുറഞ്ഞു തുടങ്ങി.വൈദ്യുതി തിരികെ എത്തിയില്ല.

രണ്ടാമത് കത്തിച്ചുവച്ച മെഴുകുതിരിയും അണയാറായി.കാശ് കടംവാങ്ങാൻ പോയ രമേശ് ഇനിയും തിരിച്ചെത്തിയിട്ടില്ല.

വീട്ടുജോലികൾ തീർത്ത്  വിശ്രമിക്കാൻ ഇരുന്ന വാണി ഒരു നിമിഷം കണ്ണടച്ച് നിദ്രയിലാണ്ടു.മൊബൈൽ ഫോണിന്റെ ശബ്ദം കേട്ട് അവൾ ഞെട്ടിയെഴുന്നേറ്റു. കോൾ എടുത്ത് ചെവിയിൽ വെച്ചു.ഒരു നിമിഷം ഭൂമി മുഴുവൻ നിശ്ചലമായപോലെ അവൾക്ക് തോന്നി.പുറത്ത് അലയടിക്കുന്ന മഴ അവളുടെ മനസ്സിനെ നിസംഗമാക്കി.

“ഇനി അവനും വരില്ല.”

ആ മെഴുകുതിരിയും അണഞ്ഞു....

സ്വാതി സാബു
10-A



L
I
T
T
L
E

K
I
T
E





2K23-24



**STUDENT POLICE CADET**



# S P C

# J R C





# JUNIOR RED CROSS

# നന്ദി...